മാധ്യമം

19 March 2024

# സമുദ്ര മത്സ്യഗവേഷണത്തിൽ പൊതുജനങ്ങൾക്കും പങ്കാളികളാകാം; മൊബൈൽ ആപ് റെഡി

കൊച്ചി: സമുദ്ര മത്സ്യ ഗവേഷണത്തിൽ പൊതുജനങ്ങളെ സഹകരിപ്പിക്കാൻ മൊബൈൽ ആപ്പുമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ).

ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന കടൽമത്സ്യയിനങ്ങളുടെ സമ്പൂർണ സചിത്ര ഡേറ്റാബേസ് പൊതുജന പങ്കാളിത്തത്തിൽ വികസിപ്പിക്കുന്നതിനാണ് 'മാർലിൻ@സി.എം.എഫ്.ആർ.ഐ' എന്ന പേരിലുള്ള ആപ് പുറത്തിറക്കിയിരിക്കുന്നത്.

ഇന്ത്യയുടെ വിവിധ തീരങ്ങളിൽ പിടിക്കപ്പെടുന്ന മീനുകളുടെ ചിത്രങ്ങളും മറ്റ് വിവരങ്ങളും ആപ്പിൽ അപ്‌ലോഡ് ചെയ്യാം. ഈ വിവരങ്ങൾ ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റ് ശാസ്ത്രീയ വിവര ശേഖരണത്തിനും സി.എം.എഫ്.ആർ.ഐയെ സഹായിക്കും. കടൽ മത്സ്യസമ്പത്തിന്റെ സചിത്ര ഡേറ്റാബേസ് തയാറാക്കാനും വഴിയൊരുക്കും.

സമുദ്ര സമ്പത്തിന്റെ സംരക്ഷണത്തിൽ താൽപര്യമുള്ളവരെ കോർത്തിണക്കുന്ന പരസ്പര സഹകരണ സംരംഭമാണിതെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും സമുദ്ര ജൈവവൈവിധ്യത്തെ കൂടുതൽ അടുത്തറിയാനും പൊതുജനങ്ങൾക്ക് ഈ മൊബൈൽ ആപ് ഉപകാരപ്പെടും. സി.എം.എഫ്.ആർ.ഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റെൻഷൻ വിഭാഗത്തിലെ ഡോ.എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പ്രോജക്ടിന് കീഴിലാണ് ആപ് വികസിപ്പിച്ചത്.